## പതിമൂന്നാം കേരള നിയമസഭ
### ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : **2425**

**18.12.2012 ൽ മറുപടിക്ക്**

### ചേർത്തല സ്റ്റീൽ ഫാബ്രിക്കേഷൻ യൂണിറ്റിന്റെ പ്രവർത്തനം

**ചോദ്യം**

ശ്രീ. പി. തിലോത്തമൻ :

**ഉത്തരം**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)**

(എ) റെയിൽവേ ബോഗി നിർമ്മാണ യൂണിറ്റിന്റെ നടപടികൾ വൈകിയതുമൂലം ചേർത്തല സ്റ്റീൽ ഫാബ്രിക്കേഷൻ യൂണിറ്റിനെ സിൽക്കിലേക്ക് കൂട്ടിച്ചേർത്ത് സർക്കാർ ഇറക്കിയ ഉത്തരവ് മറ്റൊരു ഉത്തരവിലൂടെ മരവിപ്പിക്കുവാനുണ്ടായ കാരണം വ്യക്തമാക്കുമോ; ഇതുമൂലം എസ്. എഫ്. യു. വിന്റെ പ്രവർത്തനം ഒരു ഗവേണിംഗ് ബോഡിയുടെയും കീഴിലല്ലാതായി മാറിയിരിക്കുന്ന വസ്തുതയും എസ്. എഫ്. യു.വിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് തടസ്സം നേരിട്ടതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എ) സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ്, ബോർഡ് ഫോർ ഇൻഡസ്ട്രിയൽ ആന്റ് ഫൈനാൻഷ്യൽ റീ കൺസ്ട്രക്ഷന്റെ (ബി.ഐ.എഫ്.ആർ) പരിധിയിലുള്ള കമ്പനിയാണ്. ആയതിനാൽ കമ്പനിയുടെ ആസ്തി മുതലായവ സംബന്ധിച്ച് തീരുമാനമെടുക്കുവാൻ ബി.ഐ.എഫ്.ആറിന്റെ വ്യക്തമായ മുൻകൂർ അനുമതി ആവശ്യമാണ്. ആട്ടോകാസ്റ്റ്- എസ്.എഫ്.യു- റെയിൽവെ സംയുക്ത സംരംഭം നടപ്പിലാകാത്ത സാഹചര്യത്തിലാണ് എസ്.എഫ്.യു -നെ സിൽക്കുമായി പുനഃസംയോജിപ്പിക്കുവാൻ ഉത്തരവായത്. എന്നാൽ ഇതിന് ബി.ഐ.എഫ്.ആർ-ന്റെ അനുമതി ഉണ്ടായിരുന്നില്ല. 17.1.2012 ൽ നടന്ന ഹിയറിംഗിൽ ബി.ഐ.എഫ്.ആർ. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് കാരണം കാണിയ്ക്കൽ നോട്ടീസ് നൽകുകയുണ്ടായി. ഈ സാഹചര്യത്തിലാണ് എസ്.എഫ്.യു. വിനെ സിൽക്കിനോട് പുന:സംയോജിപ്പിച്ചത് നടപ്പിലാക്കുന്നത് നീട്ടി വച്ചിട്ടുള്ളത്. എസ്.എഫ്.യു.വിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് പ്രശ്നങ്ങൾ ഉണ്ടാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സിൽക്ക് മുഖേന നടക്കേണ്ട സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിംഗ് എ.ജി. ഓഡിറ്റിംഗ് എന്നിവ എസ്. എഫ്. യു. വിൽ നടക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി)സ്റ്റീൽ ഫാബ്രിക്കേഷൻ യൂണിറ്റിന് ഇപ്പോൾ സർക്കാർ സഹായം ലഭിക്കുന്നില്ല എന്നും സ്ഥാപനത്തിന് പ്രവർത്തന മൂലധനം ഇല്ലാത്ത അവസ്ഥയാണെന്നും സ്ഥാപനത്തിന് ലഭിക്കുന്ന വർക്കുകൾ ചെയ്യാൻ കഴിയാതെ വരുന്നുവെന്നുമുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സ്റ്റീൽ ഫാബ്രിക്കേഷൻ യൂണിറ്റിന്റെ പേരിൽ നിലവിലുള്ള ബാധ്യതകൾ തീർക്കുന്നതിനും കേസുകൾ തീർപ്പാക്കുന്നതിനും അടിയന്തിരമായ സംവിധാനം ഉണ്ടാക്കുമോ ;

(സി)എസ്.എഫ്.യു.വും സിൽക്കുമായിട്ടുള്ള ലയനം പൂർത്തിയാകുന്നതുവരെ PSUs -നു വകയിരിത്തിയിരിക്കുന്ന ഫണ്ടിൽ നിന്നും ധനസഹായം ലഭ്യമാക്കുവാൻ സാങ്കേതിക തടസ്സം ഉണ്ട്. എന്നിരുന്നാലും എസ്.എഫ്.യുവിലെ സാഹചര്യം കണക്കിലെടുത്ത് ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്. 2010-11ൽ സ്റ്റാറ്റ്യൂട്ടറി കുടിശ്ശിക അടച്ചു തീർക്കുവാൻ ഒരു കോടി രൂപ ധനസഹായം നൽകിയിരുന്നു. ഇപ്പോൾ ഇത്തരത്തിലുള്ള ധനസഹായത്തിനായുള്ള നിർദ്ദേശം സർക്കാരിൽ ലഭിച്ചിട്ടില്ല.

(ഡി) 2013-14 കാലയളവിൽ എസ്.എഫ്.യു.വിൽ നിന്നും എത്ര ജീവനക്കാർ വിരമിക്കുമെന്ന് വ്യക്തമാക്കുമോ; ഇവർക്ക് നിയമ പരമായി ലഭിക്കേണ്ട ആനുകൂല്യങ്ങൾ നൽകാൻ എന്ത് തുക വേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; പ്രസ്തുത തുക എപ്രകാരം കണ്ടെത്താനാണ് തീരുമാനിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ഡി) 2013 ൽ എട്ട് ജീവനക്കാരും 2014 ൽ മൂന്ന് ജീവനക്കാരും വിരമിക്കുന്നതാണ്. ഇവരുടെ പെൻഷൻ ആനുകൂല്യങ്ങൾക്കായി ഏകദേശം 65 ലക്ഷം രൂപ വേണ്ടി വരുന്നതാണ്. ഇതിനാവശ്യമായ തുക SILK കണ്ടെത്തുന്നതാണ്.

(ഇ)എസ്.എഫ്.യു.വിനെ സിൽക്കിലേക്ക് കൂട്ടിച്ചേർക്കുന്നതിനിറക്കിയ സർക്കാർ ഉത്തരവ് പ്രാബല്യത്തിൽ കൊണ്ടു വരാൻ നടപടി സ്വീകരിക്കുമോ ?

(ഇ)ബി.ഐ.എഫ്.ആർ. ന്റെ നടപടികൾ/ഉത്തരവിനു വിധേയമായി സർക്കാർ നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ